# വിവാഹത്തിനു മുമ്പും ശേഷവും

അബ്ദുൽ ജലീൽ താഴശ്ശേരി
info@vazhi.org



പരസ്പരം പൊരുത്തപ്പെടാനാകാതെ ആടിയുലയുന്ന ദാമ്പത്യം.....
മനസ്സു തുറന്ന് പെരുമാറാനാകാത്ത ഭാര്യാഭർത്താക്കന്മാർ.....
പൊരുത്തപ്പെടാനാകാതെ പിരിഞ്ഞുപോകുന്ന പരസ്പര ബന്ധങ്ങൾ....
അതിന്റെ പേരിൽ അനാഥരാക്കപ്പെടുന്ന ഒന്നുമറിയാത്ത കുരുന്നുകൾ......
അസ്വസ്ഥത പുകയുന്ന ഗൃഹാന്തരീക്ഷം.....
എന്തുണ്ട് പരിഹാരം?
പ്രശ്നം പരിഹരിക്കുന്നതിനെക്കാൾ പ്രധാനവും അനിവാര്യവുമാണ് ദാമ്പത്യത്തിലെ പ്രശ്നങ്ങളെ ഇല്ലാതാക്കാനുള്ള വഴി തേടൽ.

## ഒന്ന്

ചിലപ്പോൾ ദാമ്പത്യജീവിതത്തെ തിക്കും തിരക്കും നിറഞ്ഞ ബസ്സ്യാത്രയോടുപമിക്കാം. ചിലപ്പോഴത് കാറ്റും കോളും നിറഞ്ഞ കടലിലെ നൗകയോടുപമിക്കാം. എന്നാൽ, അത് മതിവരാത്ത സ്വപ്നസദൃശവുമാകാം.

മനുഷ്യജീവിതത്തിൽ ഏറെ പാവനവും മഹത്വവുമുള്ള പ്രധാന കർമമാകുന്നു വിവാഹം. കുടുംബം പടുത്തുയർത്തുന്നതിലും നാഗരികതയും സംസ്കാരവും കെട്ടിപ്പടുക്കുന്നതിലും വിവാഹത്തിന് വലിയ സ്വാധീനമുണ്ട്. മനുഷ്യചരിത്രതോളം പഴക്കമുണ്ടതിന്.

ഏറെ വിശുദ്ധിയോടെ കാത്തുസൂക്ഷിച്ചിരുന്ന വിവാഹം പക്ഷേ, പലതിനെയും പോലെ മാറിവരുന്ന ജീവിതശൈലിക്കിടയിൽ ആടിയുലയാനാരംഭിച്ചിട്ടുണ്ട്. കുടുംബകോടതികളിൽ കെട്ടിക്കിടക്കുന്ന ആയിരക്കണക്കിന് വരുന്ന കേസുകളും ആരാലും അറിയപ്പെടാതെ പോകുന്ന അതിലും ഇരട്ടി വരുന്ന വേർപിരിയലുമൊക്കെ അതാണ് വെളിപ്പെടുത്തുന്നത്.

വിവാഹജീവിതത്തോടുള്ള കാഴ്ചപ്പാടും സമീപനവും മാറി എന്നതാണ് പ്രധാന കാരണം. അടിപൊളിജീവിതമെന്ന സങ്കൽപമാണ് ഇന്ന് പലരുടെയും വൈവാഹിക ജീവിതത്തെ ദുരന്തത്തിൽ എത്തിക്കുന്നത്. ഈ അടിപൊളി ജീവിതത്തിനപ്പുറം വിവാഹത്തിന്റെ യാഥാർഥ്യത്തെ സംബന്ധിച്ചോ അതിന്റെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ചോ പുതുതലമുറ പ്രത്യേകിച്ച് കാഴ്ച്ചപ്പടുള്ളവരോ ചിന്തിക്കുന്നവരോ അല്ല. വിവാഹമെന്നത് സുഖിക്കാനും അനുഭവിക്കാനും ചെത്താനുമുള്ളതാണവർക്ക്. കുടുംബജീവിതം, അതിനകത്തെ യാഥാർഥ്യങ്ങൾ എന്നിവ ഒരു വിഷയമായി അവരുടെ ചിന്തയിൽ ഉദിക്കുന്നില്ല. പരാജയമായി മാറുന്ന ദാമ്പത്യത്തിലേക്കാണിത് അവരെ നയിക്കുന്നത്. ഈ സമീപനത്തിനു മുമ്പിൽ വിവാഹത്തിൽ ഏർപ്പെടുന്നവരും അവരുടെ രക്ഷിതാക്കളും ഒരുപോലെ പ്രതികളാണ്.

ലളിതമായ ചില കാര്യങ്ങൾ മനസ്സിരുത്തിയാൽ അസ്വസ്ഥതയുടെ കോളിൽ ഉലയുന്ന കുടുംബജീവിതം സൗഖ്യപൂർണമാക്കിമാറ്റാനാകും. അതാണ് ഈ പഠനം കൊണ്ടുദ്ദേശിക്കുന്നത്.

കുടുംബജീവിതം നയിക്കുന്നതിനു വേണ്ടി, പരസ്പര പൊരുത്തത്തിലൂടെ ആണും പെണ്ണും അംഗീകരിക്കുന്ന കരാറാകുന്നു വിവാഹം. അതിന് അതിന്റേതായ സഹൂഹികതയും വിശുദ്ധിയുമുണ്ട്. പ്രതിസന്ധികളെ തരണംചെയ്തു വേണം അത് മുന്നോട്ടു കൊണ്ടുപോകുവാൻ. ഏതെങ്കിലും കാരണങ്ങളാൽ അത് തകർക്കപ്പെട്ടുകൂടാ. സ്നേഹവും വിട്ടുവീഴ്ചയുമാണ് ഭാര്യാഭർത്താക്കന്മാരെ ജീവിതകാലം മുഴുവൻ മുന്നോട്ട് നയിക്കേണ്ടത്.

വിവാഹാനന്തര കുടുംബജീവിതം കുറ്റമറ്റതാക്കാൻ രക്ഷിതാക്കൾക്കും വിവാഹത്തിലേർപ്പെടുന്നവർക്കും ഒരുപോലെ ബാധ്യതകളുണ്ട്. ശ്രദ്ധയോടെയുള്ള ലളിതമായ ചില കാര്യങ്ങൾ മനസ്സിരുത്തിയാൽ അസ്വസ്ഥതയുടെ കോളിൽ ഉലയുന്ന കുടുംബജീവിതം സൗഖ്യപൂർണമാക്കിമാറ്റാനാകും. അതാണ് ഈ പഠനം കൊണ്ടുദ്ദേശിക്കുന്നത്.

ഈ ചർച്ചയിൽ വിവാഹത്തിൽ ഏർപ്പെടുന്ന സ്ത്രീയുടെയും പുരുഷന്റെയും മനസ്സുകളുടെ ഭിന്നപ്രകൃതി പ്രത്യേകം പരാമർശമർഹിക്കുന്നതാണ്.

കുടുംബജീവിതത്തിൽ സ്ത്രീ നയിക്കപ്പെടേണ്ടവളും പുരുഷൻ നയിക്കേണ്ടവനുമാണെന്നതാണ് പൊതുവെയുള്ള സമീപനം. ഈ നിലപാടിലെ കാർക്കശ്യവും വിവാഹ–കുടുംബജീവിതത്തെ സംബന്ധിച്ച അവബോധമില്ലായ്മയുമാണ് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണമാക്കുന്നത്. ഈ സമീപനം മാറണം.

### പുരുഷൻ / ഭർത്താവ്

ദൈവത്തിന്റെ നിശ്ചയമാണ് കുടുംബമെന്ന സ്ഥാപനം. ഏറെ പവിത്രമാണത്. അതിലെ നാഥനാണ് പുരുഷൻ. കുടുംബസംരക്ഷണമാണ് അയാളുടെ ഉത്തരവാദിത്തം. കുടുംബം നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും അയാളാണ് ഉത്തരവാദി. കുടുംബത്തിന്റെ ഉന്നതിയും വളർച്ചയും യശസ്സും തളർച്ചയും സംസ്കാരവുമൊക്കെ അയാളുടെ സമീപനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ക്ഷമയും വിട്ടുവീഴ്ചയും സ്നേഹവുമാണ് അയാളിൽനിന്ന് കുടുംബത്തിന് ലഭിക്കേണ്ട സ്വഭാവഗുണം. ആസൂത്രണത്തോടു കൂടിയ സമീപനമാണ് കുടുംബപരിചരണത്തിൽ അയാൾക്കുണ്ടാകേണ്ടത്. അയാൾ വിവാഹത്തെ എന്തെങ്കിലും മുൻധാര

ണയോടെയോ സങ്കൽപത്തോടെയോ സമീപ്പിക്കാവതല്ല. കുടുംബജീവിതത്തെ ഗൗരവമില്ലാത്തതായും അയാൾ കാണരുത്.

പുരുഷന്റെ മനസ്സ് ഗൗരവമുള്ളതാണ്. അതിൽ സ്നേഹവും കരുണയും അനുരാഗവും കുടികൊള്ളുന്നുണ്ടെങ്കിലും അത് നായകഭാവമുള്ള ശാന്തവും എന്നാൽ ഗൗരവപ്രകൃതിയോടെയുള്ളതാണ്. പുരുഷമനസ്സിന്റെ ഈ പൗരുഷ ഭാവതലങ്ങളെ ചിലപ്പോൾ പെട്ടെന്ന് മാറ്റിയെടുക്കാൻ സാധിച്ചെന്നുവരില്ല. ഇവിടെയാണ് സ്ത്രീ അടവ്നയമായി കണ്ണീർ തൂകുന്നത്.

തന്റെ ഭാര്യ, മക്കൾ എന്നീ ചിന്തകളിൽ മാത്രം കെട്ടി ക്കിടക്കുന്നതല്ല മിക്കപ്പോഴും അവന്റെ മനസ്സ്. അതിന് വ്യാപരിക്കാൻ ലോകവും മേഖലകളും ധാരാളമുണ്ട്. എന്നാൽ തന്റെ കുടുംബമെന്ന അഭിമാനം അവൻ കാത്തുസൂക്ഷിക്കുന്നു. പുരുഷമനസ്സിന്റെ ഈ നായകഭാവവും വികാസക്ഷമതയും അറിഞ്ഞുൾക്കൊള്ളുകയെന്നതാണ് സ്ത്രീയുടെ സഹവാസ ബാധ്യത.

## സ്ത്രീ / ഭാര്യ

ഭർത്താവിനെ അനുസരിക്കേണ്ടവളാകുന്നു ഭാര്യ. അക്കാര്യത്തിൽ പുരുഷന്റെ ഭാഗത്ത് ദൈവധിക്കാരമില്ലെങ്കിൽ ഒരു തിരഞ്ഞെടുപ്പവകാശം അവൾക്കില്ല.

കുടുംബജീവിതത്തിൽ പുരുഷനുള്ളതുപോലെ ചില അവകാശങ്ങൾ സ്ത്രീക്കുമുണ്ട്. ഈ അവകാശപാലനത്തിലാണ് കുടുംബത്തിന്റെ സംതൃപ്തിയും സംതുലനവും നിലനിൽക്കുന്നത്.

സ്ത്രീ പുരുഷനാൽ അന്ധമായി നയിക്കപ്പെടേണ്ടവളല്ല. ദമ്പതികൾക്കിടയിൽ ദൈവം നിക്ഷേപിച്ച സ്നേഹ–കാരുണ്യങ്ങളുടെ ഭാഗമായി വരുന്ന കൂടിയാലോചനയും അവൾക്കുള്ള അധികാരസീമകളുടെ നിർണയവും അത് വകവെച്ചുകൊടുക്കലും കുടുംബജീവിതത്തിന്റെ ഭദ്രതയെ കാത്തുസൂക്ഷിക്കുന്ന വിധത്തിലുള്ള സ്ത്രീയുടെ അവകാശമാണ്.

ഭദ്രമായ കുടുംബനടത്തിപ്പിനുള്ള ഭർത്താവിന്റെ ശ്രമത്തിൽ സഹകരിക്കുന്നതോടൊപ്പം ഗൃഹപരിപാലനവും സന്താനസംരക്ഷണവും ശിക്ഷണവും ഭാര്യയിൽ അർപ്പിതമായ ബാധ്യതകളാകുന്നു. കുടുംബനടത്തിപ്പിൽ ഭർത്താവിന്റെ ആസൂത്രണത്തോടൊപ്പം പങ്കാളിയായുള്ള അവളുടെ വിധേയത്വമാണ് കുടുംബത്തെ ഭദ്രമാക്കുന്നത്. കുടുംബജീവിതത്തെ തന്റെ ഇംഗിതങ്ങൾക്കനുസരിച്ച് മാറ്റാൻ അവൾക്കവകാശമില്ല.

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്ന ആണും പെണ്ണും ചില അവബോധങ്ങൾ ഉൾക്കൊള്ളുക തന്നെ വേണം.

### 1. വിവാഹത്തെ സംബന്ധിച്ച ശരിയായ വിഭാവന ഉൾക്കൊള്ളുക.

വിവാഹജീവിതത്തെക്കുറിച്ച ശരിയായ വിഭാവന ലഭിക്കാത്തവരാണ് പുതുതലമുറയിലെ അധികപേരും. വിവാഹം എന്ത്, എന്തിന് എന്നീ കാര്യങ്ങളെ സംബന്ധിച്ച് അപക്വമോ വികലമോ ആയ ധാരണകളാണ് പലരുടെയും കൈമുതൽ.

ഏതാനും നാളത്തെ അടിപൊളി ജീവിതമെന്ന സ്വപ്നമല്ല വിവാഹം. അത്തരം സ്വപ്നങ്ങളോടെ വിവാഹത്തിലേർപ്പെടുന്നവർ ജീവിതയാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാനാകാതെ പരാജയപ്പെടുക സ്വാഭാവികം.

മനുഷ്യവർഗത്തിന്റെ നിലനിൽപിനും കുടുംബം എന്ന ധാർമികസ്ഥാപനം നിലനിർത്തുന്നതിനുമുള്ള ദൈവനിശ്ചിതമായ രീതിയാണ് വിവാഹം. ദൈവികമായതിനാൽ തന്നെ സദാചാര പൂർണമായ നിലയിലാകണം ദാമ്പത്യജീവിതം നിലനിർത്തേണ്ടത്. സങ്കൽപങ്ങളും പൊരുത്തക്കേടുകളുമല്ല അവിടെയുണ്ടാകേണ്ടത്. ഇണക്ക് വേണ്ടി പരസ്പരം സമർപ്പിച്ചുള്ള ജീവിതമാണ് അവിടെ ആവശ്യം.

ഭദ്രമായ അടിത്തറയിൽ പടുത്തുയർത്തിയ മാതൃകാ കുടുംബത്തിന്റെ സ്ഥാപനം, അതിനുതകും വിധം സന്താനോത്പാദനം, അവരുടെ വളർച്ച, സംസ്കരണം, സമൂഹത്തിന്റെ ആരോഗ്യകരമായ നടത്തിപ്പിൽ പങ്കാളിയാകൽ തുടങ്ങിയ കാര്യങ്ങളാകുന്നു വിവാഹത്തിലൂടെ സാധ്യമാകേണ്ടത്. അത് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഭാര്യയും ഭർത്താവും പരസ്പരം സ്നേഹിക്കുകയും വിട്ടുവീഴ്ചചെയ്യുകയും ഒരൾ മറ്റേയാളുടെ പ്രകൃതി കണ്ടറിഞ്ഞ് സഹവസിക്കുകയും വേണം.

തന്റെ സങ്കൽപത്തിന് വിരുദ്ധമായി, തന്നെ അഭിമുഖീകരിക്കുന്ന ജീവിതയാഥർഥ്യങ്ങളുടെ പേരിൽ കുടുംബം കലുഷമാക്കുവാനും ബന്ധം തകർക്കുവാനും ആർക്കും അവകാശമില്ല. അതിന്റെ പേരിൽ പിണങ്ങുന്നതുപോലും നീതീകരിക്കത്തക്കതല്ല.

### 2. മുൻവിധികളില്ലാതിരിക്കുക.

താൻ വിവാഹം ചെയ്യാൻ പോകുന്ന ജീവിതപങ്കാളിയെ സംബന്ധിച്ച് അമിതമായ മുൻവിധി/ഭാവന ഇല്ലാതിരിക്കണം. അവൾക്ക്/അവന് ഇത്രയൊക്കെ സൗന്ദര്യം വേണം, തടിയും തൂക്കവും വേണം, ജീവിതസൗകര്യം വേണം, അവളുടെ/അവന്റെ കുടുംബത്തിന് ഇന്നയിന്ന സൗകര്യങ്ങൾ വേണം, അവർ ഇന്നയിന്ന സ്വഭാവക്കാരാകണം തുടങ്ങിയ രീതിയിലുള്ള മുൻവിധികളും ഭാവനയും മനസ്സിലേറ്റി വിവാഹജീവിതത്തിലേക്ക് പ്രവേശിക്കരുത്. വിവാഹശേഷം ലഭിക്കാതെ പോകുന്ന ഇത്തരം ഭാവനകളും മുൻധാരണകളും വൈവാഹിക ജീവി

തത്തെ തന്നെ തകർത്തുകളയും. ഇത്തരം കണിശനിബന്ധനകളുള്ളവർ കഴിവതും അതിനനുസരിച്ച പരിചിതവൃത്തങ്ങളിൽ തന്റെ വിവാഹത്തെ നിശ്ചയിക്കുക. ഇല്ലെങ്കിൽ തന്റെ ഭാവനയും മുൻധാരണയും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുകയും കുടുംബജീവിതം തകർത്ത അപരാധം ഏൽക്കേണ്ടിവരികയും ചെയ്യും. അടിപൊളി ജീവിതം സ്വപ്നം കണ്ട് വിവാഹജീവിതത്തിലേക്ക് കാലൂന്നുന്നതാണ് ദുരന്തഹേതു.

(തുടരും)